പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3375 14.03.2018- ൽ മറുപടിയ്ക്ക്

## വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്കായി ക്ഷേമപദ്ധതികൾ

ചോദ്യം

ശ്രീ.പാറക്കൽ അബ്ദുല്ല

മറുപടി

ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വൃദ്ധസദനങ്ങളിൽ അന്തേവാസികൾ (അംഗങ്ങൾ) കൂടിവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം കേന്ദ്രങ്ങളിലുള്ള വയോധികരെ ഏറ്റെടുക്കാൻ ബന്ധുക്കൾ എത്താത്ത സാഹചര്യം വർദ്ധിച്ചു വരുന്നുണ്ടോ; | (ബി) | ബന്ധുക്കൾ ഏറ്റെടുക്കാൻ ഇല്ലാത്തവരാണ് ഭൂരിപക്ഷം ക്ഷേമസ്ഥാപനങ്ങളിലും എത്തപ്പെടുന്നത്. എന്നാൽ പണം വാങ്ങി പാർപ്പിക്കുന്ന സ്ഥാപനങ്ങളിൽ (പെയ്ഡ് ഓൾഡ് ഏജ് ഹോം) ബന്ധുക്കൾ എത്തുന്നുണ്ട്. |
| (സി) | എങ്കിൽ ഇവർക്കായി ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) | വൃദ്ധസദനങ്ങളിൽ താമസിക്കുന്ന അന്തേവാസികളിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭ്യമല്ലാത്തവർക്ക് ആയത് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ വൃദ്ധസദനങ്ങളിലെ താമസക്കാർ നേരിടുന്ന പ്രയാസങ്ങൾ മനസ്സിലാക്കുവാനും അവരുടെ സംരക്ഷണം ഉറപ്പുവരുത്തുന്ന കാര്യങ്ങളിൽ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി റിട്ട.ജസ്റ്റീസ്.രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായുള്ള മൂന്ന് അംഗ സമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ